# റെയ്നി ജോയിക്ക് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി അഞ്ചുലക്ഷം രൂപ നൽകി

കൊച്ചി: സ്വാതി കൃഷ്ണസ്സ് കരൾ പകുത്തുനൽകിയ റെയ്നി ജോയിക്ക് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പ്രഖ്യാപിച്ച അഞ്ചുലക്ഷം രൂപ കൈമാറി. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ചെയർമാനായിട്ടുള്ള കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻെറ ആഭിമുഖ്യത്തിൽ നടന്ന അവയവബോധവത്കരണ പരിപാടിയിലാണ് മുതിർന്ന മാധ്യമപ്രവർത്തക ലീല മേനോൻ തുക കൈമാറിയത്.



സ്വാതി കൃഷ്ണസ്സ് കരൾ പകുത്തു നൽകിയ റെയ്നി ജോയിക്ക് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പ്രഖ്യാപിച്ച അഞ്ച് ലക്ഷം രൂപ മാധ്യമ പ്രവർത്തക ലീല മേനോൻ കൈമാറുന്നു.

മസ്തിഷ്ക മരണം സംഭവിച്ച അരുൺ, സരസ്വതി ടീച്ചർ എന്നിവരുടെ അവയവങ്ങൾ ദാനം ചെയ്യാൻ തയ്യാറായ അവരുടെ ബന്ധുക്കളെയും കുടുംബത്തെയും ചടങ്ങിൽ ആദരിച്ചു. അവയവദാനത്തിൻെറ സന്ദേശം നൽകുന്ന ഹ്രസ്വചിത്രം 'ഒരു കനിവിൻെറ ഓർമക്കായി' തയ്യാറാക്കിയ ശശികളരിക്കലിനെ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പൊന്നാടയണിയിച്ചു. സ്വാതിയുടെയും ഷാമിൻെറയും കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് പണം കണ്ടെത്തുന്നതിന് നേതൃത്വം നൽകിയ എടക്കാട്ടുവയൽ പഞ്ചായത്ത് പ്രസിഡൻറ് കെ. ആർ. ജയകുമാർ, വാരപ്പെട്ടി പഞ്ചായത്ത് പ്രസിഡൻറ് ഇ. കെ. ചന്ദ്രശേഖരൻ നായർ എന്നിവരെ ചടങ്ങിൽ പ്രശംസിച്ചു. ടിവി അവതാരക രഞ്ജിനി ഹരിദാസ് മുഖ്യാതിഥിയായിരുന്നു. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ജനറൽ മാനേജർ ബി. ജയരാജൻ എന്നിവർ സംസാരിച്ചു.

സിൽക്ക് മാർക്ക് - ഒരു സെൻട്രൽ സിൽക്ക് ബോർഡ് സംരംഭം